**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.256</u> <u>28.11.2018 ൽ മറുപടിക്ക്</u>

## ഏറനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; എത്ര പുതിയ തസ്തികകൾ ഇതിനായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകുകയും ഇതിൽ 155 കേന്ദ്രങ്ങളുടെ പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേക്ക് 340 സ്റ്റാഫ് നഴ്സ്മാരുടേയും 170 ഡോക്ടർമാരുടെയും, 170 ലാബ് ടെക്നീഷ്യൻമാരുടെയും, 150 ഫാർമസിസ്റ്റുകളുടേയും തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പ് വരുത്തുന്നതാണ്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ ഒന്നാം ഘട്ടത്തിൽ സൃഷ്ടിച്ചിട്ടുണ്ട്.രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറായിക്കഴിഞ്ഞു.<br><br>➢ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br><br>➢ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക |

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക

- ഒ.പി.വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.

- വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക് തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനർക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

- മെഡിക്കൽ കോളേജിലെ online appointment നൽകി നിശ്ചിത സമയത്ത് രോഗികളെ പരിശോധിക്കുക.

- തിരഞ്ഞെടുക്കപ്പെട്ട കടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ ഡ്രെയിനേജുകൾ സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്ലറ്റ് സൗകര്യങ്ങൾ എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായിട്ടുണ്ട്. റഫറൽ സംവിധാനവും ശക്തിപ്പെടുത്തുന്നതാണ്. രോഗിയുടെ ആരോഗ്യ റിക്കോർഡുകൾ ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെടുത്തുന്നതിന്റെ

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളും നടന്നു വരുന്നു. ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുക. ചികിത്സാ മാർഗ്ഗരേഖ പ്രകാരം ചികിത്സ എന്നീ നടപടികളും ഈ കേന്ദ്രങ്ങളിൽ നടന്നു വരുന്നു. കൂടാതെ ഈ സ്ഥാപനങ്ങളിൽ മൂന്നു ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും, കൗൺസിലിംഗും വൈകിട്ട് 6 മണിവരെ ഒ.പി.സേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി വരുന്നു. ആസ്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്ക്, ഡിപ്രഷനും മാനസിക ആരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക് എന്നിവയും, സബ് സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന നടപടികളും ഫീൽഡ് പ്രദേശങ്ങളിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റിച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തി വരുന്നു.<br><br>➤ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും, വാർഡ് തല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ് ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. |
| (ബി) | രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ; | (ബി) | 2018-2019 സാമ്പത്തിക വർഷം 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 203 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 28.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഫണ്ട് എൻ.എച്ച്.എം.ന് ഇതിനോടകം കൈമാറിയിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും രണ്ട് |

| | | | |
|---|---|---|---|
| | | | താലൂക്കാസ്ഥാന ആശുപത്രികൾ വീതം 28 ആശുപത്രികളെ മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്തി വികസിപ്പിക്കുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |
| (സി) | ആർദ്രം പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയതെന്നും അവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നും എത്ര തസ്തികകൾ പ്രസ്തുത ആശുപതികളിൽ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (സി) | ഏറനാട് മണ്ഡലത്തിൽ ഒന്നാം ഘട്ടത്തിൽ കുഴിമണ്ണ പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. രണ്ട് സ്റ്റാഫ് നഴ്സ്, ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വൈകുന്നേരം വരെ ഒ.പി.പ്രവർത്തിക്കുന്നുണ്ട്. 2018-2019 സാമ്പത്തിക വർഷം ചാലിയാർ, കാവനൂർ, ഓടക്കയം പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. ഗ്യാപ്പ് അനാലിസിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ